# DIGITAL MAGAZINE

# 2024



# ധ്യനി



# ഉള്ളടക്കം


| | |
|---|---|
| സ്കൂളിനെ കുറിച്ച് | 1-2 |
| ആശംസകൾ | 3-4 |
| സന്ദേശം | 5 |
| അഭിപ്രായം | 6 |
| സ്കൂൾ ക്ലബുകൾ | 7-9 |
| കവിതകളും,കഥകളും | 10-18 |
| ചന്ദ്രയാൻ | 19-21 |
| കുട്ടികളുടെ രചന | 22-25 |
| നന്ദി | 26 |

# ഗവൺമെന്റ് മോഡൽ എച്ച്.എസ്.എസ്. ഫോർ ബോയ്സ് ആറ്റിങ്ങൽ

## സ്കൂൾ നേതൃത്വം

പ്രിൻസിപ്പൽ
ഷീബ . എ

വിഎച്ച്എസ്എസ് പ്രിൻസിപ്പൽ
ഹസീന .എ

പ്രധാന അദ്ധ്യാപകൻ
അനിൽകുമാർ.കെ

പി.ടി.എ. പ്രസിഡണ്ട്
ഭാഗ്യലക്ഷ്മി

2012 -ൽ ശതാബ്ദിയുടെ നിറവിൽ എത്താൻ തയ്യാറെടുത്തു നിൽക്കുന്ന ഈ വിദ്യാലയം ആറ്റിങ്ങലിലെ ഏറ്റവും പഴക്കം ചെന്ന വിദ്യാലയമാണ്.വർഷങ്ങൾക്ക് മുമ്പ് മുതൽ തന്നെ ചിറയിൻകീഴിന്റെ വിദ്യാഭ്യാസ കേന്ദ്രമായിരുന്നു ആറ്റിങ്ങൽ. തിരുവിതാംകൂറിലെ ആദ്യത്തെ നാല് ഹയർ ഗ്രേഡ് സ്കൂളുകളിൽ ഒന്നായിരുന്നു ഇത്. ശ്രീ. പി.രാജഗോപാലാചാരി ദിവാനായിരുന്ന കാലത്ത് ചിറയിൻകീഴിൽ ഒരു ഇംഗ്ലീഷ് സ്കൂൾ പ്രവർത്തിച്ചിരുന്നു.ആറ്റിങ്ങലിലെ ബ്രാഹ്മണ വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ് വിദ്യാഭ്യാസം നൽകുന്നതിന് വേണ്ടി ഈ സ്കൂൾ ആറ്റിങ്ങലിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ദിവാൻ  ഉത്തരവിട്ടു. കോയിക്കൽ കൊട്ടാരത്തിനടുത്താണ് ഇത് ആദ്യം ആരംഭിച്ചത്.ഇംഗ്ളീഷ് പ്രിപ്പറേറ്ററി  സ്കൂൾ ആയാണ് ഈസ്ഥാപനം ആരംഭിച്ചത്. പിന്നീട് അത് ഇപ്പോഴത്തെ ടൗൺ  യു.പി. സ്കൂൾ സ്ഥിതി ചെയ്യുന്ന ഭാഗത്തേയ്ക്ക് മാറ്റി. തുടർന്ന് 1912- ൽ ഗവൺമെന്റ് കിഴക്കേ നാലുമുക്കിന് സമീപം ബ്രാഹ്മണരുടെ ചുടുകാടായിരുന്ന പതിനെട്ടേക്കർ ഭൂമി ഏറ്റെടുത്ത് വിദ്യാലയം അങ്ങോട്ട് മാറ്റുകയും

ഹയർഗ്രേഡായി ഉയർത്തുകയും ചെയ്തു.ആറ് ക്ലാസ് മുറികളിലായിട്ടാണ് സ്കൂൾ ആരംഭിച്ചത്. 1950-ൽ ആറ്റിങ്ങൽ നിവാസികളുടെ ആവശ്യം മാനിച്ച് പെൺകുട്ടികൾക്കായി ഗേൾസ് ഹൈസ്കൂൾ മാറ്റി സ്ഥാപിക്കപ്പെട്ടു. 1950 മുതൽ ഇത് ബോയ്സ് ഹൈസ്കൂൾ ആയി മാറി .ലഭ്യമായ തെളിവുകൾ വച്ച് ആദ്യത്തെ ഹെഡ് മാസ്റ്റർ ധർമ്മരാജ അയ്യർ ആണ്. ആദ്യത്തെ വിദ്യാർത്ഥി എ. അനന്തനാരായണ അയ്യർ ആണെന്ന് വിശ്വസിക്കപ്പെടുന്നു. ആദ്യത്തെ സ്കൂൾ ഫൈനൽ പരീക്ഷ 1914-ൽ ആണ് നടന്നത്. സ്കൂൾ ഫൈനൽ പരീക്ഷ പാസായ ആദ്യബാച്ച് കുട്ടികളുടെ കൂട്ടത്തിൽ ശ്രീ. വി.ആർ. കൃഷ്ണൻ , അഡ്വ. ദാമോദരൻ , ശ്രീ. കെ. പത്മനാഭപിള്ള എന്നിവർ ഉൾപ്പെടുന്നു.

1912-ൽ ഈ സ്കൂൾ ഡിവിഷണൽ അസംബ്ലിയുടെ കീഴിൽ ആയിരുന്നു. 1913-ൽ ടൗൺ വികസന ട്രസ്റ്റ് രൂപീകരിക്കപ്പെട്ടതോടെ സ്കൂൾ ഈ കമ്മിറ്റിയുടെ കീഴിലായി.1938-ൽ മാതൃഭാഷയിൽ സ്കൂൾ ലീവിങ് സർട്ടിഫിക്കറ്റ് നൽകുന്ന സ്ഥാപനമായി ഉയർത്തപ്പെട്ടു. 1941-ൽ ESLC സ്ഥാപനമായി ഉയർന്നു. 1936-വരെ സ്കൂൾ 11+1കോഴ്സ് മാതൃകയിലാണ് പ്രവർത്തിച്ചത്. 1964-ൽ ആണ് ആദ്യത്തെ SSLC ബാച്ച് രൂപീകരിക്കപ്പെട്ടത്. 1984-ൽ വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളായും 1997-ൽ ഹയർസെക്കന്ററി സ്കൂളായും ഈ വിദ്യാലയം ഉയർന്നു. 1936-ൽ സ്കൂൾ അതിന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. തിരുവിതാംകൂറിന്റെ ദിവാനായിരുന്ന സർ.സി.പി. രാമസ്വാമി അയ്യരായിരുന്നു മുഖ്യാതിഥി. സ്വാഗതം ആശംസിച്ചത് അഡ്വ.ജി.ദാമോദരൻ ആയിരുന്നു.1971-ൽ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി കൊണ്ടാടപ്പെട്ടു.

പണ്ട് ഈ വിദ്യാലയത്തിന് 18 ഏക്കർ ഭൂവിസ്തൃതിയും സ്വന്തം കൃഷി നിലങ്ങളും സ്വന്തമായി നെൽകൃഷിയും മറ്റുമുണ്ടായിരുന്നു. ഗവൺമെന്റ് കോളേജിനും മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സ്ഥലം കൈമാറിയാണ് വിദ്യാലയം മൂന്ന് ഏക്കറായി ചുരുങ്ങിയത്. കലപ്പ പോലുള്ള പഴയകാല കൃഷി ഉപകരണങ്ങൾ പഴയപ്രതാപത്തിന്റെ ചിഹ്നമായി ഇപ്പോഴും സ്കൂളിൽ അവശേഷിക്കുന്നുണ്ട്.2010-2011 അദ്ധ്യയന വർഷത്തിൽ ആറ്റിങ്ങൽ നിയോജക മണ്ഡലത്തിലെ മോഡൽ ഐ.റ്റി. സ്കൂളായി ഈ സ്കൂൾ തെരഞ്ഞെടുക്കപ്പെട്ടു.



# ആശംസകളോടെ

കേരളത്തിലെ പൊതുവിദ്യാലയങ്ങൾ മികവിന്റെ പാതയിലാണ് ഹൈടെക്ക് ക്ലാസ്മുറികളും പൊതുവിദ്യാലയങ്ങളുടെ മികവിന്റെ സൂചനകളാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ അന്തസത്ത ഉൾക്കൊണ്ടു കൊണ്ട് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ലിറ്റിൽ കൈറ്റ്സ് അഗങ്ങൾ സജീവമായി ഇടപെടുന്നു . ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന 'ധ്വനി' എന്ന ഡിജിറ്റൽ മാഗസീനു എല്ലാ ആശംസകളും നേരുന്നു .



അനിൽകുമാർ കെ
ഹെഡ്മാസ്റ്റർ




**ഗവൺമെന്റ് മോഡൽ ബോയ്സ് ഹയർ സെക്കന്ററി സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ചുണക്കുട്ടൻമാർ ഒരു ഡിജിറ്റൽ മാഗസീൻ തയ്യാറാക്കുന്നതിൽ തികഞ്ഞ ചാരിതാർത്ഥ്യമുണ്ട്. നിറങ്ങളുടെയും അറിവിന്റെയും ആശയങ്ങളുടെയും ലോകം മറ്റുള്ളവർക്ക് മുന്നിൽ ഈ മാഗസീൻ തുറക്കും എന്ന ശുഭപ്രതീക്ഷയോടെ ആശംസകൾ.**

സൈജാറാണി. എം.എസ്
സീനിയർ അസിസ്റ്റന്റ്

# MESSAGE

*It is a great pleasure to know that the students of Little Kites of our school is bringing out a digital magazine* 'ധ്വനി' *for the year 2023-24 .Bringing out a digital is not an easy task but it is the result of hardwork and dedication of Little Kites students and master trainers .We the teachers of English department wish you all every success to this venture.*


*SAIJARANI.M.S*
*BEENA.G.S*
*ASHADEVI*
*SOAJA.S*
*SEENA*

# അഭിപ്രായം

കുട്ടികളുടെ ഐ.റ്റി ഭാവന കൂടുതൽ വർദ്ധിപ്പിക്കാൻ കേരള സർക്കാർ ആരംഭിച്ച പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഇതിൽ ഒരു ഭാഗമാകാൻ സാധിച്ചതിൽ നമുക്ക് സന്തോഷമുണ്ട്. ലിറ്റിൽ കൈറ്റ്സ് നമുക്ക് വളരെ ഇഷ്ടമാണ്, അതിലൂടെ കൂടുതൽ അറിവ് ലഭിക്കുന്നു. ലിറ്റിൽ കൈറ്റ്സ് കുറേ അധികം പ്രവർത്തനങ്ങളും ആശയങ്ങളും ചേരുന്നതാണ്. ഈ മാഗസീൻ ചെയ്യാൻ കഴിഞ്ഞതിൽ വളരെ സന്തോഷമുണ്ട്.

ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ








## ഹൈടെക്ക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ.ടി കൂട്ടായ്മ

* വിവിധ പരിശീലനങ്ങൾ
* വിദഗ്ധരുടെ ക്ലാസ്സുകൾ
* ക്യാമ്പുകൾ









* എസ്.പി.സി പദ്ധതി 2010ൽ ആരംഭിച്ചു.
* എസ്.പി.സി ജില്ലാതല ക്യാമ്പിൽ ഈ സ്കൂളിനെ പ്രതിനിധീകരിച്ച് 6 കുട്ടികൾ പങ്കെടുത്തു








* ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ സൈന്യത്തിന്റെ സഹായക നിരയായി സംഘടനകളിലൊന്നാണ് എൻ.സി.സി

* ഒത്തൊരുമയും അച്ചടക്കവും എന്നതാണ് എൻ.സി.സി യുടെ മുദ്രാവാക്യം

# ആയിരംകൊല്ലിയിലെ ഖബറുകൾ

സെയ്ദിയുടെ വീട്ടിൽ നിന്നും ബിരിയാണിച്ചെമ്പ് പൊട്ടിച്ച മണം വന്നപ്പോഴേ മയ്യത്തുംകരയിലുള്ളവരെല്ലാം അയാളുടെ വീട്ടുമുറ്റത്തേക്ക് വന്നിരുന്നു. 'ളുഹർ നിസ്കാരത്തിനു ശേഷം വീടിന് മുന്നിലേക്ക് ഇറക്കിവെച്ച ചെമ്പിൽ നിന്നും ബിരിയാണി വിളമ്പുമ്പോൾ പലരും അതിന്റെ രുചിയേക്കുറിച്ച് പറഞ്ഞുകൊണ്ടിരുന്നു. ആ നാട്ടിലെ ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും അപ്രാപ്യമായ രുചിക്കൂട്ടിൽ വിളയിച്ചെടുത്ത ബിരിയാണിയുടെ മഹത്വം... വരുന്നവർ, കസേരയിൽ ഇരിക്കുന്ന സെയ്ദലിയെ നോക്കി പുഞ്ചിരിക്കുകയും 'അൽഹം ദുലില്ല' പറയുകയും ചെയ്തു.

കുറച്ച് വർഷങ്ങൾക്ക് മുൻപ് വളക്കച്ചവടവുമായി വന്നതായിരുന്നു സെയ്ദലി, മിനാരങ്ങൾ നിറഞ്ഞ, കണ്ണെത്താ ദൂരം നീണ്ടുകിടക്കുന്ന ഖബറുകളുള്ള മയ്യത്തുംകരയിലേക്ക്.... മുടന്തുള്ള കാലുമായി, ഒരു കുട നിറയെ വളകളുമായി മയ്യത്തുംകരയിലെ ഇടവഴികൾ തോറും അയാൾ വളകൾ വിറ്റു നടന്നു. ഉത്സവങ്ങൾക്കും.... പെരുന്നാളിനും. ഉറൂസിനുമൊക്കെ അയാൾ വിറ്റ വളകൾ മയ്യത്തുംകരയിലെ വീടുകളിൽ കിലുങ്ങിക്കേട്ടു... കുപ്പിവളകൾ. ചുറ്റിവളകൾ.. മുത്തുവളകൾ. കല്ലുപതിപ്പിച്ച വളകൾ...

- ചില രാത്രികളിൽ നിസ്കാരത്തിനു ശേഷം അയാൾ പള്ളിയുടെ നീണ്ട പടികളിൽ മിനാരങ്ങൾ നോക്കി കിടക്കും... മറ്റു ചിലപ്പോൾ നക്ഷത്രങ്ങൾ നിറഞ്ഞ ആകാശത്തേക്കും... അപ്പോഴെല്ലാം പള്ളിക്ക് മുന്നിലുള്ള വിശേഷപ്പെട്ട ഖബറിൽ ആരെങ്കിലും നേർച്ച പുകച്ച ചന്ദനത്തിരി മണം അയാളെ വന്നു മൂടും. ഈ മണ്ണിൽ ഏതെങ്കിലും ഒരു കോണിലാകും താനും അടക്കം ചെയ്യപ്പെടുക എന്ന് അയാൾക്ക് നിശ്ചയം ആയിരുന്നു. പണ്ടെങ്ങോ യുദ്ധത്തിൽ മരിച്ച, ഇന്നും വളർന്നു കൊണ്ടിരിക്കുന്ന മയ്യത്തുംകരയിലെ "ഷു ഹദ്ദാക്കളുടെ" ഖബറിനടുത്ത്.... ആയിരം വീരന്മാർ ഉറങ്ങുന്ന ഖബറുകൾക്കിടയിൽ...

പലരാത്രികളിലും ഉറക്കത്തിനിടയിൽ മണ്ണിനടിയിൽ നിന്നും ആരൊക്കെയോ ശ്വാസം മുട്ടുന്നു എന്ന് വിളിച്ചുപറയുന്ന ഒരു തോന്നൽ അയാൾക്ക് അനുഭവപ്പെടും. അപ്പോഴൊക്കെ അയാൾ ഉണരുകയും തന്റെ ഉള്ളംകയ്യിലും കാല്പാദങ്ങളി ലും വിയർപ്പ് പൊടിയുകയും ജനൽ തുറന്ന് ആവുന്നത്ര ശ്വാസം വലിച്ചെടുക്കുകയും ചെയ്യും.

- ബിരിയാണി വാങ്ങി വീട്ടുമുറ്റത്ത് നിന്നും എല്ലാവരും പോയ ശേഷം സെയ്ദി വീട് പൂട്ടി ഇറങ്ങി. ഉച്ചവെയിൽ താഴ്ന്നിരുന്നു... വള്ളിപ്പടർപ്പുകൾ അതിരുകൾ തീർത്ത്... നിഴലുകൾ വീണ വഴിയിലൂടെ നടന്ന് അയാൾ കവലയിൽ എത്തി. മയ്യത്തുംകരയിലെ ഖബറുകളിൽ നിന്നും വന്ന ചന്ദനപ്പുകയും ഏറ്റ് ആദ്യം വന്ന വണ്ടിയിൽ അയാൾ കയറി. ഖബറുകൾ കടന്ന്, തിരക്കേറിയ റോഡും കടന്ന്,കായലും കടന്ന് പിന്നീട് ബസ് ആയിരംകൊല്ലി മല കയറാൻ തുടങ്ങി...

ആയിരംകൊല്ലി എത്തിയപ്പോൾ "ഇവിടെ ആരെ കാണാൻ ആണ് ?"

കണ്ടക്ടർ സംശയത്തോടെ ചോദിച്ചു. "അല്ല ഇവിടെ അങ്ങനെ ആരും ഇപ്പോൾ ഇറങ്ങാറില്ല. അതാ ചോദിച്ചത്...." മറുപടി പറയാതെ സെയ്ലി തന്റെ സഞ്ചിയും തൂക്കി ഇറങ്ങി. ആയിരംകൊല്ലി കയറുമ്പോൾ മൊട്ടക്കുന്നുകൾക്ക് കനം വയ്ക്കുന്നതായി അയാൾക്കു തോന്നി. പണ്ട് ഇവിടം നിറയെ മരങ്ങൾ ആയിരുന്നു... എല്ലാം നിറയെ പൂത്ത് കായ്ച്ചിരുന്ന ഒരിടം. പിന്നീട് ഏതോ കാലത്താണ് അത് മൊട്ടക്കുന്നുകൾ ആയി മാറിയത്.... മല ഒലിച്ചിറങ്ങിയ വലിയ നീണ്ട മൺപാത്തിയുടെ അടുത്താണ് അയാളുടെ നടത്തം അവസാനിച്ചത്.

തിരിച്ചറിയാൻ കഴിയാത്ത വിധം മണ്ണടരുകൾ കിലോമീറ്ററുകളോളം ഒഴുകി പരന്ന ആയിരംകൊല്ലി. ഇതിനടിയിൽ എവിടെയോ ആണ് ആയിഷ... തന്റെ പ്രിയപെട്ടവൾ.... ആ മണ്ണിൽ ചവിട്ടി നിൽക്കുമ്പോൾ, അടിയിൽ ഒരായിരം നിലവിളികൾ മുഴങ്ങുന്നതായി അയാൾക്ക് തോന്നി... ഒപ്പം എല്ലാം നഷ്ടപ്പെട്ട ഒരു രാത്രിയും.

അന്ന് അയാൾ കച്ചവടം കഴിഞ്ഞ് നേരത്തെ എത്തിയിരുന്നു. ആയിരംകൊല്ലിയിൽ രണ്ടു ദിവസമായി മഴയാണെന്ന് ആയിഷ വിളിച്ചപ്പോ പറഞ്ഞിരുന്നു... ഇരുട്ട് നിറഞ്ഞ രാവും പകലും അവൾ ഒറ്റക്കായിരുന്നു...

"നാളെ തന്നെ നമുക്ക് ഇവിടെ നിന്ന് മാറണം "

വെട്ടിയരിഞ്ഞ ആയിരംകൊല്ലിയിലെ മൊട്ടക്കുന്നുകൾ പൊട്ടി താഴേക്ക് ഒലിച്ചിറങ്ങുന്നതിനും മിനിട്ടുകൾക്ക് മുൻപ് അവൾ പറഞ്ഞു. അതായിരുന്നോ അവൾ തന്നോട് അവസാനം പറഞ്ഞത്; സെയ്ലി ഓർമ്മയുടെ അടരുകൾ മാന്തി.... അല്ല... അത്... അല്ല... അവൾ പറഞ്ഞത്.... "അതേ....

എനിക്ക് ഒരു കാര്യം പറയാനുണ്ട്... - അവൾ അപ്പോൾ എന്തോ പറയുവാൻ തുടങ്ങുക ആയിരുന്നില്ലേ.... പക്ഷേ അപ്പോഴേക്കും. ഒരു വലിയ ശബ്ദത്തോടെ മൊട്ടക്കുന്നുകൾ ആ പ്രദേശത്തേക്ക് അടർന്ന് ഒഴുകാൻ തുടങ്ങി.... കൈ എത്തിപ്പിടിക്കും മുന്നേ അവൾ നിന്ന അടുക്കളപ്പടിയും ആ വീടും നിലയില്ലാ കയത്തിലേക്ക് പോകും പോലെ എങ്ങോട്ടോ പോയി. രണ്ടു ദിശകൾ. ചെളി,ഇരുട്ട്. നിലക്കാത്ത മഴ... രാത്രിയുടെ നിശബ്ദതയിൽ നിലവിളികൾ മുഴങ്ങിക്കേട്ടു... പിന്നെ മഴയൊപ്പം നേർത്തു ഇല്ലാതെയായി. ഓർമ്മവരുമ്പോൾ അയാൾ ഏതോ ആശുപത്രിയിൽ ആയിരുന്നു. ഒളിഞ്ഞും തെളിഞ്ഞും ഒലിച്ചു പോയ അയാളുടെ ഓർമ്മകളിൽ ആയിഷയുടെ മുഖം തെളിയുമ്പോഴൊക്കെ അയാൾ എഴുന്നേറ്റ് ഓടാൻ ശ്രമിച്ചു. കാലിലെ ചതഞ്ഞുപോയ പാദത്തിന്റെ വേദന അയാളെ ആ മുറിക്കുള്ളിൽ കെട്ടിയിട്ടു മണ്ണിനടിയിൽ എവിടെയോ ശ്വാസം മുട്ടി നിലവിളിക്കുന്ന അവളെ മണ്ണ് മാന്തി പുറത്ത് എടുക്കുന്നതിനെക്കുറിച്ച്

അയാൾ സ്വപ്നം കണ്ടുകൊണ്ടിരുന്നു.... ഉണരുമ്പോൾ മനുഷ്യ ഗന്ധം നിറഞ്ഞ മണ്ണും ചെളിയും ദേഹമാസകലം പറ്റിപ്പിടിച്ചിരിക്കുന്നതായി അയാൾക്ക് തോന്നി
ഒരാഴ്ച്ച നീണ്ട തെരച്ചിലുകൾക്കിടയിൽ നിന്നും ഇനിയും കണ്ടുകിട്ടാത്ത പത്തൊൻപത് പേരിൽ ഒരാളായി ആയിഷയുടെ പേരും എഴുതിച്ചേർത്തു തിരച്ചിൽ സംഘം ആയിരകൊല്ലി ഇറങ്ങി..... അപ്പോഴും ആ പത്തൊൻപത് പേരുടേയും ഉടയപ്പെട്ടവരും അല്ലാത്തവരും അവിടെ പുതഞ്ഞ മണ്ണടരുകൾ മാന്തിക്കൊണ്ടേയിരുന്നു....
ഓർമ്മകൾ ഒലിച്ചിറങ്ങിയ മണ്ണിൽ നിൽക്കുമ്പോൾ,
ആയിരംകൊല്ലിയിലെ മണ്ണിനടിയിൽ നിറയെ ഖബറുകളാണെന്നു സെയ്തലിക്ക് തോന്നി... ജീവനുള്ള ഖബറുകൾ... സഞ്ചിയിൽ നിന്നും ചന്ദനത്തിരികൾ എടുത്തു അവിടെ നിറയെ പുകച്ചു... കൈകൾ പിണച്ച് ദു ആ ചൊല്ലി... ചന്ദനപ്പുക ഉയർന്ന് മൊട്ടക്കുന്നുകളെ വലം വെച്ചു. ഒടുവിൽ കയ്യിൽ കരുതിയ ഒരു പൊതി ബിരിയാണി | അവിടെ വെച്ചു സെയ്ദലി നടന്നു. മടങ്ങി വരുമ്പോഴും ആ മണ്ണിനടിയിൽ ആരോ ശ്വാസം മുട്ടുന്നു എന്ന് പറയുംപോലെ അയാൾക്ക് തോന്നി. ഉഷ്ണം വിട്ടു നിന്ന തണുത്ത സന്ധ്യയിലും അയാൾ വിയർത്തു...ശ്വാസം ആവുന്നത്ര വലിച്ചെടുത്തുകൊണ്ടു അയാൾ ആയിരംകൊല്ലി ഇറങ്ങി.



**വി.എസ് .വിജയലക്ഷ്മി**
അധ്യാപിക
സോഷ്യൽ സയൻസ്

# ഇരുളിലെ വെട്ടം

മഴ പെയ്തു തെളിഞ്ഞ ആകാശം വഴിയിൽ എല്ലാം പുല്ലുകൾ കിളിർത്തു തുടങ്ങിയിരിക്കുന്നു മഴയുടെ വരവ് സൂചിപ്പിക്കും പോലെ ആകാശത്തെല്ലാം കാർമേഘങ്ങൾ മന്ദം മന്ദമായി ചിലയിടത്തെല്ലാം നീങ്ങി കൊണ്ടേയിരുന്നു തെരുവിൽ എന്നത്തെയും പോലെ തന്നെ അന്നും തിരക്കുണ്ടായിരുന്നു ആളുകൾ തലങ്ങും വിലങ്ങും തെരുവിലൂടെ തിരക്കിട്ട് നടന്നു

നീ കണ്ടോടാ എന്റെ മാമന്റെ ജാലവിദ്യ അഭിക്കുട്ടൻ ചോദിച്ചു 'ഓ ഇതൊക്കെയാണോ ജാലവിദ്യ ഇതൊക്കെ എന്ത്?' ഉത്തമൻ വീമ്പിളക്കി "എല്ലാം ഉടായിപ്പ് വിദ്യകളാ." ഓ അതെങ്ങനെ നിനക്കറിയാം നീ ഒരു ദിവസം മാമന്റെ ജാലവിദ്യ മുഴുവൻ കാണണം ഹോ! എന്ത് രസാ..

ഇയാളുടെ ജാരവിദ്യകൾ കാണാൻ ഞാൻ മണ്ടനല്ല

ഉത്തമൻ സ്കൂളിലേക്ക് നടന്നു ഇയാളൊക്കെ എന്ത്? ടിവിയിലെ ജോണി മാർക്ക് അങ്കിളിന്റെ ജാലവിദ്യ ലോകത്തെ കോടിക്കണക്കിന് ആളുകളാ കാണുന്നെ എന്തൊരു മാജിക്കാണ് പക്കാ ഒറിജിനൽ "നാളെ നിനക്ക് ഞാൻ മാമന്റെ ജാല വിദ്യ കാട്ടിത്തരാം" അബിക്കുട്ടൻ അല്പം സങ്കടം നിറഞ്ഞ ഭാവത്തോടെ പറഞ്ഞു അവിടുത്തെ പീടികയ്ക്ക് മുമ്പിലുള്ള ആൾക്കൂട്ടവും കടന്ന് അവർ സ്കൂളിലേക്ക് തിരക്കിട്ട് നടന്നു. കാറ്റിന് നല്ല സുഗന്ധം ഉണ്ടായിരുന്നു. പുത്തൻ മണ്ണിന്റെ മണം

വൈകുന്നേരം സ്കൂളിന്റെ പുറത്ത് പതിവുപോലെ തന്നെ.അബിക്കുട്ടൻ സ്കൂൾ വിട്ടതും ഓടി.ആളുകൾക്കിടയിലൂടെ നുഴഞ്ഞ് അവൻ.മാമൻ പുത്തൻ ജാലവിദ്യ മെനഞ്ഞെടുക്കുകയായിരുന്നു. മാമന്യ കള്ളച്ചിരി അഭിക്കുട്ടനെ കണ്ടെന്നുള്ള സൂചനയാണ്. അബിക്കുട്ടൻ ഗാലവിദ്യകൾ കണ്ടു വാ പൊളിച്ചു പോയി. എന്തൊക്കെ മായാജാലങ്ങളാ.... ഇതുവരെയും കാണാത്ത ഇന്ദ്രജാലങ്ങൾ.

തെല്ലു സമയത്തിന് ശേഷം അബിക്കുട്ടനെ മാമൻ വിളിച്ചു. അബിക്കുട്ടന്റെ തുവാല വാങ്ങി എല്ലാവർക്കും കാഴ്ചവെച്ചു അതിൽ ഒന്നുമില്ലായിരുന്നു

" ഓം ക്രീം ഡം ഡം"

പെട്ടെന്നത് തുവാലയിൽ നിന്നും മാമൻ ഒരു മിട്ടായി ഉണ്ടാക്കിയെടുത്തു.

അബിക്കുട്ടൻ അത് കണ്ട് കൈയ്യടിച്ചു സന്തോഷിച്ചു.

പിന്നെയും മായാജാലങ്ങൾ ക്രമേണ ആൾ തിരക്കൊഴിഞ്ഞു.
" ആഹാ.. എങ്ങനെയുണ്ടായിരുന്നു "?
മാമന്റെ എന്നത്തേയും ചോദ്യം ഇന്നും ആവർത്തിച്ചു
" നല്ല രസമുണ്ടായിരുന്നു ".
അബിക്കുട്ടൻ മാമന് തന്റെ ഏറ്റവും നല്ല പുഞ്ചിരി സമ്മാനിച്ചു.
"മാമാ പിന്നെ ഒരു കാര്യം നാളെ എന്റെ കൂട്ടുകാരൻ മാമന്റെ ജാലവിദ്യ കാണാൻ വരും നല്ല; ആരും ഇതുവരെയും ചെയ്യാത്ത വിദ്യ കാണിക്കണേ"
പിന്നെന്താ ആവാലോ മാമൻ അബികുട്ടന് വാക്കു കൊടുത്തു.
" കൈ നീട്ടിക്കെ "
അബിക്കുട്ടന്റെ കയ്യിലേക്ക് മാമൻ വലിയൊരു മിഠായി വെച്ചുകൊടുത്തു
'നീകഴിച്ചോ.... സമയം വൈകി വേഗം വീട്ടിൽ പൊയ്ക്കോ'
മാമൻ അവന്റെ നെറുകയിൽ തലോടി വിട്ടയച്ചു
പ്രഭാതത്തിലെ മഴയിൽ കുളിരണിഞ്ഞ തെങ്ങോലകൾ നിശബ്ദമായി പകലിനെ യാത്രയാക്കുന്നു.
സന്ധ്യയായി സൂര്യൻ പതിയെ കുളിക്കാൻ ഒരുങ്ങുന്നു മഴവെള്ളം എവിടുന്നോ ഒഴുകി കൊണ്ടുവന്ന മണ്ണ് റോഡരികിൽ ഉണ്ടായിരുന്നു
മണൽത്തരി പോലുള്ള ആ മണ്ണിലൂടെ അബി കുട്ടൻ ഓടി നടന്നു.
ഉറങ്ങാൻ കിടക്കുമ്പോഴും അവന്റെ മനസ്സു നിറയെ മാമൻ ആയിരുന്നു.
രാവിലെ പതിവിലേറെ നേരത്തെ അബിക്കുട്ടൻ ഉണർന്നു. മുഖത്ത് പതിവില്ലാത്ത തെളിച്ചം കണ്ട് അമ്മ ചോദിച്ചു.
" എന്താടാ ഇത്ര സന്തോഷം" ഒന്നുമില്ല എന്ന് പറയും മട്ടിൽ അവൻ തല കുലുക്കി കൊണ്ട് ബാഗുമെടുത്തു പുറത്തേക്ക് ഓടി
വഴിയിൽ ഉത്തമൻ കാത്തു നിൽക്കുന്നുണ്ടായിരുന്നു. നാരങ്ങ മിട്ടായിയും നുണഞ്ഞുകൊണ്ട് അവർ പീടികയിലേക്ക് ചെന്നു. പതിവുപോലെ എന്നും കാണുന്ന തിരക്ക് അവിടെ കണ്ടില്ല.
" എവിടെ നിന്റെ മാമൻ? ഉത്തമൻ പുച്ഛഭാവത്തിൽ ചോദിച്ചു
" വരുമായിരിക്കും"
കാത്തുനിൽപ്പ് മാത്രമായിരുന്നു അന്തിമഫലം കാത്തുനിന്നു മടുത്ത ഉത്തമൻ പോയി തന്നെ മാമൻ ചതിച്ചോ
അബിക്കുട്ടൻ ചിന്തിച്ചു. കാത്തുനിന്നു അഭിക്കുട്ടൻ തളർന്നു. മനസ്സിൽ തളംകെട്ടി നിന്ന സങ്കടങ്ങൾ എല്ലാം കണ്ണിലൂടെ ധാരധാരയായി ഒഴുകി.

പീടികയുടെ മുൻപിൽ നിന്ന് കരയുന്ന അഭിക്കുട്ടനെ കണ്ട് പീടികക്കാരൻ ചോദിച്ചു.
" എന്താടാ നിനക്ക് ഇന്ന് സ്കൂൾ ഇല്ലേ? അബിക്കുട്ടൻ മാമനെ കുറിച്ച് വിങ്ങി വിങ്ങി പറഞ്ഞു ഒപ്പിച്ചു.
" ഓ അങ്ങേര് പരലോകത്ത് എത്തി പോകും വഴി മലയിടുക്കിൽ കാൽ തെറ്റി വീണു മരിച്ചു പോകട്ടെ. ഒരു ശല്യം വിട്ടുപോയി ഇപ്പോ ഉണ്ടായിരുന്നെങ്കിൽ ബഹളം കാരണം ഒന്നിരിക്കാൻ പോലും പറ്റില്ലായിരുന്നു" അബിക്കുട്ടന്റെ കരച്ചിൽ പെട്ടെന്ന് നിന്നു കൈ വിറക്കുന്നതായി തോന്നി. ഒന്നും പറയാതെ അവൻ വീട്ടിലേക്കോടി
" എന്താടാ സ്കൂളിൽ പോകാത്തത്? "
അമ്മ ദേഷ്യ ഭാവത്തിൽ ചോദിച്ചു
"മാമൻ മരിച്ചു.... ജാ.... ജാലവിദ്യക്കാരൻ മാമൻ മരിച്ചു "
" ഓ... ഞാനത് അറിഞ്ഞു ഗ്രാമം സമാധാനപൂർണമായത് ഇപ്പോഴാ...
"അബിക്കുട്ടൻ പിന്നെ ഒന്നും പറഞ്ഞില്ല.മറ്റുള്ളവരെ രസിപ്പിക്കാൻ അല്ലേ മാമൻ ശ്രമിച്ചത്... അബിക്കുട്ടൻ കരഞ്ഞുകൊണ്ടു തലയിണയിൽ മുഖം പൂഴ്ത്തി




**വൈഷ്ണവ്**
**8B**

# ചിത്രശലഭം



ഇത്രയും ഭംഗിയാം
ശലഭത്തിനെന്തു നീ
തുച്ഛമാം ആയുസ്സു നൽകീ
ജഗത്തിൽ.
ഇത്രയും ഭംഗി വേറെന്തുണ്ട്
ഭൂമിയിൽ
ശലഭത്തെക്കാൾ
മനോഹരമായത്.
കൂട്ടമായ് വന്നു പൂന്തോട്ടത്തെ
മുഴുവനും സ്വർഗമായി മാറ്റീടുമീ
ശലഭങ്ങൾ.
അതുല്യമാം ഈ മനോഹര
കാഴ്ചകൾ
നമുക്കു സമ്മാനിക്കുന്നു ഈ
ചിത്രശലഭങ്ങൾ.
ഈ ശലഭങ്ങൾക്കു
പറന്നുനടക്കുവാൻ
ഇത്തിരി ആയുസ്സു കൂടി
നൽകേണമേ.



: ആര്യൻ .എ.എം
9E

# വഴിയിറമ്പിലെ പൂക്കൾ...



അരികു കെട്ടി നിർത്തിയോരീ ചെടി
തിരികെയെത്തിയോ ഇന്നെന്റെ വീഥിയിൽ
അരിഞ്ഞൊതുക്കിയെടുക്കുമിന്നിതിനെ ഞാൻ
എന്റെ പാത സുഗമമാക്കീടുവാൻ

അരികിലെത്തവേ കണ്ടു ഞാനവളിൽ
നിറയെ പൂവിട്ട മൊട്ടുകൾ,പുത്തൻ പ്രതീക്ഷകൾ.....
നോവിച്ചീടുവാനെത്തിയൊരെന്നിൽ നിൻ
മോഹഭാവങ്ങൾ കരുണ പെയ്യിച്ചുവോ?
നിനച്ചിരുന്നെങ്കിൽ നിൻ ചെറുമുള്ളിനാൽ
എൻ വിരൽ മുറിഞ്ഞീടുമായിരുന്നെങ്കിലും,
കരുതലാൽ,വിടർന്ന പുഷ്പങ്ങളാൽ
അകതലങ്ങളിൽ സൗരഭ്യമേകി നീ...

ഇതിലുമേറെ വിലയുള്ള പൂക്കളാൽ
അലംകൃതമാണെൻ അകത്തളമെങ്കിലും
അരിയ പുഷ്പമേ! നിൻ സ്നേഹമാധുര്യം
അരികിൽ വീണ്ടുമെത്തിച്ചിടുന്നെന്തിനോ...!
പടികൾക്കു താഴെയായ് നിന്നു നീ സദാ
മൃദു വസന്തം പൊഴിച്ചീടുമെങ്കിലും, നിൻ
ഹൃദയരാഗത്തിനതിരുകൾ തീർത്തിടാൻ
പതിതനാം എനിക്കിന്നെന്തവകാശം..!

നിന്റെ ചിന്തകൾ,നിന്റെ സ്വപ്നങ്ങളും,
നിന്റേത് മാത്രമാണെന്നറിയുന്നു ഞാൻ
ഇല്ലെനിക്കിവയൊന്നിലും വേലിക്കെട്ടുകൾ
തീർത്തീടുവാൻ അധികാരം..!
നിന്റേതു കൂടിയായൊരീ ലോകത്ത്
എന്റേതു മാത്രം തിരഞ്ഞു നടന്നു ഞാൻ
എൻ വഴിത്താരയ്ക്ക് മാറ്റ് കൂട്ടീടുവാൻ
ഇല്ല, അടർത്തീടുകില്ല! നിന്നിലെ ജീവനെ....



ദിവ്യ.എം.എസ്
അദ്ധ്യാപിക
physical science

# പറയാൻ ബാക്കിവെച്ചത്


ഇടവപ്പാതിതൻ കുളിർ മഴയിൽ
കുളിർ ചൊരിയുന്നിതെൻ മനം
ഇളം കാറ്റിതാ തലോടുന്നുവെൻ മുടികളെ.

മഴത്തുള്ളികൾ  കോർത്തിണക്കുന്നുവെൻ ഓർമ്മകളെ
മനസ്സിന്റെ ഏതോ കോണിൽ
ചേർത്തു വയ്ക്കുന്നുവെൻ വിങ്ങലുകൾ.

കുളിരിൽ ഓർത്തെടുക്കുന്നുവെൻ-
തേങ്ങലുകളാം സ്വപ്നങ്ങളെ
പറയാൻ മറന്നുപോയൊരു വാക്കുകളെ
പിൻതാങ്ങി തന്നോരു ഹൃദയങ്ങളെ
തോരുന്നിതാമഴ തീരുന്നില്ലോർമ്മകൾ
പറയാൻ ബാക്കി വെച്ചിട്ടെന്തോ.....




**അബിനവ്.രാജ്**
**9F**


CHANDRAYAAN 3

ചന്ദ്രനെ,
ഭൂമിയിൽ ഇരുന്നു ഒരു ...
കാലയളവിൽ, ഒരു ...
ത്തുള്ള കാർബൺ ...
വീഴ്ചയിൽനിന്നു നന്നു മത്തു
പഠിച്ചു പിഴയ്ക്കില്ലേ- ★ ചന്ദ്രോപരിതലത്തിൽനിന്ന് 25-30
ന്നുറപ്പിച്ച് ഇന്ത്യയുടെ കിലോമീറ്റർ ഉയരത്തിലുള്ള ഓർബിറ്റർ 6.6
മൂന്നാം ചന്ദ്രയാൻ ദൗത്യം കിലോമീറ്ററിലേക്ക്, ഓരോ സെക്കൻഡിലും
വിക്ഷേപണമായി, ലക്ഷ്യമിട്ട വഴി 336 മീറ്റർ.
കളെല്ലാം പിന്നിട്ട്, സമയം ★ ഓർബിറ്റർ ചന്ദ്രോപരിതലത്തിൽ നിന്ന്
അനുവദിച്ച പോലും വൈകാതെ 1300-300 മീറ്റർ മുകളിൽ. ഓരോ
ചന്ദ്രന്റെ രാശിയിലെ ഭ്രമണം. നൂറിൽ ഉപയോഗിച്ചു ഉപഗ്രഹം
ത് തൊട്ടു: ദൗത്യം 5.44 ന്, ചന്ദ്ര ഇറങ്ങാൻ തയ്യാറെടുപ്പ്
പരിതലത്തിൽ നിന്ന് 30.33 കിലോ- ഓർബിറ്റർ.
മീറ്റർ ഉയരത്തിലും സെക്കൻഡിൽ ★ ഓർബിറ്റർ ചന്ദ്രോപരിതല
1683 മീറ്റർ വേഗത്തിലും കുറിച്ചുപോരു ത്തിന് 150 മീറ്റർ മുകളിൽ
കയായിരുന്ന ലാൻഡറിന്റെ വേഗ നിയന്ത്രണ 22 സെക്കൻഡ് നേരം
ത്തിനുള്ള കാലിബ്രേഷൻ ഇസ്രോയിൽ നിലയിൽ പോയതോടെ
നിന്നുള്ള നിർദേശം പുറപ്പെട്ടു. റഫ് ബ്രേക്കി നിന്നു ഇറങ്ങേണ്ട
ങ്, നിരീക്ഷിച്ചശേഷം സാധ്യമാക്കാൻ എന്നിങ്ങനെ സ്ഥലം നിർണയിച്ചു
വിവിധ ഘട്ടങ്ങളിലൂടെ, എല്ലാ ഘട്ടങ്ങളിലും നിന്ന് ★ ഓർബിറ്റർ 10
പരിച്ചുറപ്പിച്ചതിൽ നിന്നു മാറാതെ ചന്ദ്രയാൻ മൂന്ന് മീറ്റർ മുകളിലെത്തി
അവസാനത്തെ 149.8 മീറ്റർ ഉയരത്തിൽ വച്ചു ലംബമായി താഴ്-
ഓർബിറ്റർ ലക്ഷ്യങ്ങൾ സ്ഥലത്തെ തിരഞ്ഞെടുത്തു ന്ന് എന്നിങ്ങനെ
സെൻസറുകളും ക്യാമറകളും ഉപയോഗിച്ച് കൾ മാപ് ചെയ്
ഭാഗികമായ സമ്പൂർണമായ സാധ്യമായ
വിലയിരുത്തിയ ഓർബിറ്റർ
ഓർബിറ്റർ ഒന്ന് താഴേയ്ക്ക്
നിർദേശിച്ച ചന്ദ്രനെ
സമയം തൊട്ടു

ലാൻഡറിൽ നിന്ന്
റോവർ പുറത്തിറങ്ങുന്നു.
ഒരു കിലോമീറ്ററോളം സഞ്ചരിച്ച്
ചിത്രങ്ങളെടുക്കുകയും
പരിശോധനകൾ
നടത്തുകയുമാണ് ലക്ഷ്യം.



റോവറിന്റെ
ചക്രങ്ങൾ
പോകുന്നിടത്തെല്ലാം
ഇന്ത്യയുടെ ദേശീയ
ചിഹ്നം, അശോക സ്തംഭം, ഐഎസ്ആർഒയുടെ
മുദ്രയും പതിയും.

# GLÜXKIND


## സ്വയം ഡ്രൈവിംഗ് സ്ട്രോളർ



ജർമനിയായ ഗ്ലക്സ്കൈൻഡിന് നന്ദി പറഞ്ഞാൽ മാതാപിതാക്കളുടെ ജീവിതം വളരെ എളുപ്പമായിരിക്കാം. കുഞ്ഞിന്റെ സുരക്ഷ ഉറപ്പാക്കാൻ ഉൾക്കമിക്ക തടസ്സങ്ങൾ കണ്ടെത്താനാകുന്ന ബിൽറ്റ് ഇൻ സെൻസറുകളോട് കൂടിയ ഹാൻഡ്സ് ഫ്രീ മോട്ടോറൈസ്ഡ് ബഗ്ഗി എല്ലാ സെൽഫ് ഡ്രൈവിംഗ് സ്ട്രോളർ അവർ കണ്ടുപിടിച്ചു. കുഞ്ഞിനെ കൂടാതെ തന്നെ വാഹനമോടിക്കാൻ പോലും ഇതിന് കഴിയും, അതിനാൽ മാതാപിതാക്കൾ തങ്ങളുടെ കുട്ടിയെ കൊണ്ടുപോകാൻ തീരുമാനിക്കുകയാണെങ്കിൽ അതിന് മാതാപിതാക്കളെ പിന്തുടരാനാകും. തെരുവുകൾ, ബൈക്കുകൾ എന്നിവയും അതിലെറെയും പോലെ ചലിക്കുന്ന വസ്തുക്കളെ ട്രാക്ക് ചെയ്യാൻ രൂപകൽപന ചെയ്തിരിക്കുന്ന ക്യാമറകൾ നിർമ്മിച്ചിരിക്കുന്നതിനാൽ, എന്തെങ്കിലും തടസ്സങ്ങൾ വന്നാൽ അത് യാന്ത്രികമായി നിർത്തും. ഇതിന് ബിൽറ്റ്-ഇൻ ശബ്ദങ്ങളും മിന്നുന്ന ലൈറ്റുകളുമുണ്ട്, അതിനാൽ അപകടസാധ്യതയുള്ളപ്പോൾ രക്ഷിതാക്കളെ അറിയിക്കാൻ ഇതിന് കഴിയും.



അബിൻ അർജുൻ
9D





നിഹാൽ .മുഹമ്മദ്

9F



# അഭിനവ്.യു.റ്റി
# 9C



# നന്ദി